**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 883** **06-10-2021 - ൽ മറുപടിയ്ക്ക്**

**പെരിങ്ങാട് - ചേറ്റുവ കണ്ടൽ റിസർവ് വനവും വികസനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ പാവറട്ടി പഞ്ചായത്തിലെ പെരിങ്ങാട് - ചേറ്റുവ കണ്ടൽ റിസർവ് വനത്തിന് വേണ്ടി സ്ഥലം ഏറ്റെത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | പെരിങ്ങാട് - ചേറ്റുവ കണ്ടൽ സംരക്ഷണത്തിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ മണലൂർ മണ്ഡലത്തിലെ ചാവക്കാട് താലൂക്കിൽപ്പെട്ട വെൺമനാട് വില്ലേജിൽ പാവറട്ടി പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന റീസർവ്വേ നമ്പർ 119/2 ൽ ഉൾപ്പെടുന്ന 234.8 ഏക്കർ (94.77 ഹെക്ടർ) റവന്യൂ ഭൂമി 15.02.2021 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 3/2021/വനം (എസ്. ആർ. ഒ. നം. 226/2021) പ്രകാരം 1961 ലെ വനം ആക്ടിന്റെ 1962 ലെ 4-ാം വകുപ്പ് പ്രകാരം റിസർവ്വ് വനമായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ഭാഗമായി പ്രസ്തുത സ്ഥലത്ത് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ചിനു കീഴിൽ പെരിങ്ങാടുള്ള നിലവിലെ കെട്ടിടം കണ്ടൽക്കാട് - തണ്ണീർത്തട സംരക്ഷണ കേന്ദ്രമായി നവീകരിച്ചിട്ടുണ്ട്. കണ്ടൽക്കാട് - തണ്ണീർത്തട സംരക്ഷണ കേന്ദ്രത്തിലേക്കുള്ള റോഡിന്റെ അറ്റകുറ്റപണികളും നടത്തിയിട്ടുണ്ട്. നിരീക്ഷണത്തിനായി ഫൈബർ ബോട്ട് വാങ്ങി സംരക്ഷണ പ്രവൃത്തികൾ നടത്തിവരുന്നു. ഇതിനായി ഗ്രാമഹരിത സമിതി രൂപികരിച്ചിട്ടുണ്ട്. |
| (സി) | ഈ പ്രദേശത്ത് മത്സ്യബന്ധനത്തിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പ്രദേശത്തിന്റെ അതിർത്തിക്കുള്ളിലുള്ള ഏതെങ്കിലും അവകാശത്തിന്റെ നില നിൽപ്പ്, സ്വഭാവം, വ്യാപ്തി എന്നിവയെക്കുറിച്ച് അന്വേഷിക്കുന്നതിനും, തീരുമാനമെടുക്കുന്നതിനും ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസറെ നിയമിച്ചിട്ടുണ്ട്. ആയതുപ്രകാരം സെറ്റിൽമെന്റ് ഓഫീസറുടെ മുമ്പാകെയുള്ള ക്ലെയിമിനു വിധേയമായി നിയമാനുസൃതം നടപടിക്രമങ്ങൾ പാലിച്ച് മത്സ്യബന്ധനം നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ